ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.10.2026**

## പ്രധാനവാർത്തകൾ

1. ഏകദിന സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചെന്നൈയിലെത്തി. 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.
2. 'സങ്കൽപ് അഭിയാൻ' പദ്ധതിയിലൂടെ 1.06 ലക്ഷത്തിലധികം യുവാക്കൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണം നൽകിയതായി യുവജനകാര്യ കായിക മന്ത്രാലയം.
3. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം നാളെ ആരംഭിക്കും.
4. ഒൻപത് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി ആഘോഷ ങ്ങൾക്ക് ഇന്ന് തുടക്കം.
5. പെൺകുട്ടികളെ ആദരിക്കാനും അവരുടെ പ്രവർത്തനങ്ങ ൾക്ക് കരുത്തുപകരാനും ആവശ്യപ്പെട്ട് ഇന്ന് പെൺകുട്ടി കൾക്കായുള്ള അന്താരാഷ്ട്ര ദിനം.
6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഇൻറർകാശിയെ നേരിടും..

RNU TVPM

### പ്രധാനമന്ത്രി - ചെന്നൈ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ചെന്നൈയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. രാവിലെ ചെന്നൈയിലെ

ത്തിയ പ്രധാനമന്ത്രിയെ തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയും മന്ത്രിസഭാംഗങ്ങളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് റോഡ്ഷോയിൽ പങ്കെടുത്ത പ്രധാനമന്ത്രി പോരൂർ മുതൽ പൂനമല്ലി വരെയുള്ള മെട്രോ റെയിൽ സർവീസ് ഫ്ലാഗ് ഓഫ് ചെയ്തു. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ നവീകരിച്ച അഞ്ച് റെയിൽവേ സ്റ്റേഷനുകളുടെ സമർപ്പണവും വിവിധ ദേശീയപാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും ശ്രീ മോദി നിർവഹിക്കും. ഐഐടി മദ്രാസിലെ 'സുധ ഗോപാലകൃഷ്ണൻ ബ്രെയിൻ സെന്ററും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

## ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ

യുവജനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിളിൻറെ 94-ാം പതിപ്പ് വാരാണസിയിൽ നടന്നു. സമ്പൂർണാനന്ദ് സംസ്കൃത സർവകലാശാലയിലെ നമോ ഘട്ട് മുതൽ ദീക്ഷ മണ്ഡപ് വരെയായിരുന്നു റാലി. "വികസിത ഭാരതത്തിനായുള്ള നാഷാ മുക്ത് യുവ" എന്ന പ്രമേയത്തെ കേന്ദ്രീകരിച്ചുള്ളതാണ് ഈ സംരംഭം.

RNU TVPM

## പ്രധാൻ മന്ത്രി ധൻ-ധാന്യ കൃഷി യോജന

പ്രധാൻ മന്ത്രി ധൻ-ധാന്യ കൃഷി യോജന ഇന്ന് ഒരു വർഷം പൂർത്തിയാക്കുന്നു. കാർഷികമേഖലയെ ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ വർഷം ഇതേ ദിവസമാണ് രാജ്യത്തെ 100 പ്രധാന കാർഷിക ജില്ലകളിൽ പദ്ധതി ആരംഭിച്ചത്. ഓരോ ജില്ലയുടെയും പ്രത്യേക കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, കേന്ദ്ര പദ്ധതികളെയും സംസ്ഥാന പദ്ധതികളെയും സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തെയും ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കി വരുന്നത്.

## സേവാ സങ്കൽപ് മുത്തലാഖ് നിരോധനം (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന് മുത്തലാഖ് നിരോധനത്തെക്കുറിച്ചാണ്.

ഒരു റിപ്പോർട്ട്

(വോയ്സ്)

വനിതാ ശാക്തീകരണം ലക്ഷ്യമാക്കിയുള്ള രാജ്യത്ത സുപ്രധാന നടപടികളിലൊന്നായിട്ടാണ് മുത്തലാഖ് നിരോധനത്തെ കണക്കാക്കുന്നത്. രാജ്യത്ത് മുത്തലാഖ് സമ്പ്രദായം നിരോധിച്ചതും അത് ക്രിമിനൽ കുറ്റമാക്കിയതും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിൻറെ പ്രധാനപ്പെട്ട രാഷ്ട്രീയ-നിയമ പരിഷ്കാരമായാണ് വിലയിരുത്തപ്പെടുന്നത്. 2017-ൽ മുത്തലാഖ് ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീം കോടതി ഉത്തരവിട്ടതിന് പിന്നാലെ 2019 ജൂലൈ 30-ന് പാർലമെൻറ് മുത്തലാഖ് നിരോധന ബിൽ പാസാക്കുകയും, 2019 ഓഗസ്റ്റ് ഒന്ന് മുതൽ ഇത് നിയമമായി നിലവിൽ വരികയും ചെയ്യു.

ന്യൂസ് ഡെസ്ക് ആകാശവാണി

RNU TVM

# നശാ മുക്ത്

'സങ്കൽപ് അഭിയാൻ' പദ്ധതിയിലൂടെ 1.06 ലക്ഷത്തിലധികം യുവാക്കൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണം നൽകിയതായി യുവജനകാര്യ കായിക മന്ത്രാലയം. മന്ത്രാലയത്തിന് കീഴിലുള്ള 'മൈ ഭാരത്', നാഷണൽ സർവീസ് സ്കീം എന്നിവയുടെ നേതൃത്വത്തിൽ രാജ്യത്തെ തിരഞ്ഞെടുത്ത 200 സ്ഥാപനങ്ങളിലും ഗ്രാമങ്ങളിലുമാണ് പദ്ധതി നടപ്പിലാക്കിയത്. 'നശാ മുക്ത് യുവ അഭിയാൻറെ' വിജയകരമായ ഒന്നാം മാസത്തിന് ശേഷം, രണ്ടാം മാസത്തിൽ ഫിറ്റ് യൂത്ത്, ആസക്തി രഹിത യുവത്വം' എന്ന പ്രമേയത്തിൽ ശാരീരികക്ഷമതയിലും കായിക വിനോദത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി.

## സൗദി അറേബ്യ - ആക്രമണം

സൗദി അറേബ്യയിലെ റിയാദ് കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്നലെയുണ്ടായ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തിയതിനൊപ്പം പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. സാധാരണക്കാർക്കും അവർ ആശ്രയിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ തികച്ചും അസ്വീകാര്യമാണെന്നും അവ ഉടൻ അവസാനിപ്പിക്കണമെന്നും മന്ത്രാലയം വ്യക്തമാക്കി. റിയാദിൽ വിമാനത്താവളത്തിന് നേരെ ഇന്നലെയുണ്ടായ ആക്രമണത്തിൽ 12 പേർ കൊല്ലപ്പെടുകയും 300 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

## കേരള നിയമസഭ

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം നാളെ ആരംഭിക്കും. സഭ ഒമ്പതു ദിവസമായിരിക്കും സമ്മേളിക്കുക. കോർട്ട് ഫീസ് ഭേദഗതി ബിൽ, മദ്രാസ് ഹിന്ദു റിലീജിയൻ ചാരിറ്റബിൾ എൻഡോവ്മെൻറ് ഭേദഗതി ബിൽ എന്നിവ അവതരിപ്പിക്കും. ഈ മാസം 29 ന് സമ്മേളനം അവസാനിക്കും.

RNU TVPM

## അന്താരാഷ്ട്ര ബാലികാ ദിനം

ഇന്ന് പെൺകുട്ടികൾക്കായുള്ള അന്താരാഷ്ട്ര ദിനം. പെൺകുട്ടികളെ ആദരിക്കുന്നതിനും അവരുടെ ശബ്ദത്തിനും പ്രവർത്തനങ്ങൾക്കും കരുത്തുപകരുന്നതിനുമാണ് ഒക്ടോബർ 11, പെൺകുട്ടികൾക്കായുള്ള അന്താരാഷ്ട്ര ദിനമായി ആചരിക്കുന്നത്. ബാലവിവാഹം അവസാനിപ്പിക്കുക, പെൺകുട്ടികളുടെ അവകാശങ്ങൾക്കായി നിലകൊള്ളുക, എന്നതാണ് ഈ വർഷത്തെ പ്രമേയം.

## നവരാത്രി

ഒൻപത് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് രാജ്യത്തുടനീളം തുടക്കം. നവരാത്രി നാളുകളിൽ ദുർഗ്ഗാദേവിയുടെ ഒൻപത് വ്യത്യസ്ത ഭാവങ്ങളെയാണ് ഭക്തർ ആരാധിക്കുന്നത്. കേരള ത്തിൽ വിവിധ കേന്ദ്രങ്ങളിൽ നവരാത്രി ആഘോഷത്തിന് വിപുലമായ ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്.

## നവരാത്രി വിഗ്രഹ ഘോഷയാത്ര

തിരുവനന്തപുരത്തെ നവരാത്രി പൂജയുമായി ബന്ധപ്പെട്ട്, കന്യാകുമാരി ജില്ലയിലെ പത്മനാഭപുരത്ത് നിന്നുള്ള നവരാത്രി വിഗ്രഹ ഘോഷയാത്ര, നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നിന്ന്, യാത്ര തിരിച്ചു. സംയുക്ത സേനയുടെ ഗാർഡ് ഓഫ് ഓണറിനു ശേഷമാണ്, ഘോഷ യാത്ര പുറപ്പെട്ടത്. ഘോഷയാത്ര ഇന്ന് വൈകുന്നേരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തുന്നതോടെ, നവരാത്രി ആഘോഷങ്ങൾക്ക് തുടക്ക മാകും. നവരാത്രി പൂജ കഴിഞ്ഞ് ഈ മാസം 23ന് വിഗ്രഹങ്ങളും ഉടവാളും തിരിച്ചെഴുന്നള്ളത്തായി പദ്മനാഭപുരത്തേക്ക് പുറപ്പെടും.

RNUTVPM

## നവരാത്രി- പനച്ചിക്കാട് (ഇൻട്രോ)

ദക്ഷിണ മൂകാംബികയായി അറിയപ്പെടുന്ന കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രത്തിൽ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. വിജയദശമി ദിനത്തിൽ പുലർച്ചെ പൂജയെടുപ്പും തുടർന്ന് വിദ്യാരംഭവും നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ.

(വോയ്സ്)

## നവരാത്രി സർഗ്ഗോത്സവം കോഴിക്കോട്

കോഴിക്കോട് കേസരി ഭവനിൽ പത്ത് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി സർഗോത്സവം, കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ പി. രവീന്ദ്രൻ ഇന്ന് വൈകുന്നേരം ഉദ്ഘാടനം ചെയ്യും. ഈ മാസം 16 ന് നടക്കുന്ന സാംസ്കാരിക സമ്മേളനം, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ചടങ്ങിൽ സംബന്ധിക്കും.

## ശബരിമല അരവണ

തുലാമാസ പൂജയ്ക്ക് ശബരിമല നടതുറക്കുമ്പോൾ അരവണ ക്ഷാമത്തിന് സാധ്യതയെന്ന മാധ്യമവാർത്ത വസ്തുതാ വിരുദ്ധമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്. ഉണക്കലരി ഉൾപ്പെടെ അരവണ നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാധനങ്ങളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഈ മാസം 13 ന് തന്നെ അരവണ നിർമ്മാണം ആരംഭിക്കുമെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

RNU TVPM

## ഹെൽത്തി കുന്ദമംഗലം (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിൻറെ വികസനം ലക്ഷ്യമിട്ടുള്ള 'ഹെൽത്തി കുന്ദമംഗലം' പദ്ധതിക്ക് തുടക്കമായി. കുന്ദമംഗലത്തിൻറെ സമഗ്രപുരോഗതിയാണ് പദ്ധതിയുടെ ലക്ഷ്യം ........

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു .....

(വോയിസ്)

## ഐഎസ്എൽ ഫുട്ബോൾ

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഇൻറർകാശിയെ നേരിടും. വൈകിട്ട് അഞ്ചിന് പൂണെയിലാണ് മത്സരം. രാത്രി 7.30 ന് ഗോവയിൽ നടക്കുന്ന മത്സരത്തിൽ ചർച്ചിൽ ബ്രദേഴ്സ് -മുംബൈ സിറ്റിയുമായി ഏറ്റുമുട്ടും.

## ടി-20 ക്രിക്കറ്റ്

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ഇൻഡോറിൽ നടക്കും. രാത്രി ഏഴിനാണ് മത്സരം.

## കാറിടിച്ച് മരിച്ചു.

എറണാകുളം നെടുമ്പാശേരിയിൽ അമിത വേഗത്തിലെത്തിയ കാറിടിച്ച്, മൂന്ന് പേർ മരിച്ചു. ഇന്ന് പുലർച്ചെ 2 മണിയോടെ ഉണ്ടായ അപകട ത്തിൽ, വയനാട് സ്വദേശിനി ദേവിക, പാലക്കാട് സ്വദേശിനി ഗോപിക, സൗത്ത് കർണാടക സുള്ള്യ സ്വദേശി ഇയാസ് എന്നിവരാണ് മരിച്ചത്. ഡ്രൈവർ സുഹൈൽ മദ്യപിച്ചിരുന്നതായി ആലുവ ഡിവൈഎസ്പി പറഞ്ഞു. നെടുമ്പാശ്ശേരി പൊലീസ് കേസെടുത്തു. പ്രതിയെ ഇന്ന് മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കും.

RNU TVPM

## അല്പശി ഉത്സവം

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ, അല്പശി ഉത്സവത്തിന് കൊടിയേറി. ഈ മാസം 18 ന് നടക്കുന്ന വലിയ കാണിക്കയ്ക്കും 19 ന് നടക്കുന്ന പള്ളിവേട്ടയ്ക്കും ശേഷം ഈ മാസം 20 ന് ശംഖുമുഖം കടപ്പുറത്ത് നടക്കുന്ന ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

## പരുമല പെരുനാൾ- മന്ത്രി

ഈ മാസം 26 മുതൽ നവംബർ 2 വരെ നടക്കുന്ന പരുമല പെരുന്നാളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ മന്ത്രി പി.സി വിഷ്ണുനാഥിൻറെ അധ്യക്ഷതയിൽ വിലയിരുത്തി. പരുമല പള്ളി സെമിനാരി ഹാളിൽ ചേർന്ന യോഗത്തിൽ തീർഥാടകരുടെ സുരക്ഷ ഉറപ്പാക്കുമെന്ന് മന്ത്രി വ്യക്തമാക്കി. പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കാനും മന്ത്രി പോലീസിന് നിർദേശം നൽകി.

RNU TVPM